ഡിപ്പാർട്ടുമെന്റിൽ നിന്നും ഇലക്ട്രിസിറ്റി ബോർഡിൽ പണം അടയ്ക്കാത്തതുകൊണ്ട് മുഴുവൻ കൃഷിക്കാർക്കും ഡിസ്കണക്ഷൻ നോട്ടീസ് കൊടുക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. എന്തു കാരണമായാലും ശരി, വൈദ്യുതി ഡിസ്കണക്ട് ചെയ്യരുത്. രാത്രി മുഴുവൻ ഒരു കിണറ്റിൽ നിന്ന് പമ്പ് ചെയ്ത് മറ്റൊരു കിണറ്റിലേക്ക് മാറ്റിയാൽ മാത്രമേ കൃഷിക്കാർക്ക് ഒരു മണിക്കൂർ എങ്കിലും വെള്ളം എടുക്കാൻ കഴിയൂ. അവർക്ക് ഭാരിച്ച കറന്റ് ചാർജ്ജാണ് വന്നിരിക്കുന്നത്. അത് ഒന്നിച്ച് അടയ്ക്കാൻ കഴിയില്ല. അതുകൊണ്ട് വൈദ്യുതി ചാർജ്ജ് പരിപൂർണ്ണമായി ഒഴിവാക്കിക്കൊടുക്കണമെന്നതാണ് എന്റെ ആവശ്യം. അതിനുമുമ്പായി ഇപ്പോൾ ഡിസ്കണക്ഷൻ നോട്ടീസ് കൊടുത്തിരിക്കുന്ന ആളുകൾക്ക് ആര് പണം കെട്ടിയാലും ഇല്ലെങ്കിലും അത് ചെയ്യരുത്. അങ്ങനെ ചെയ്താൽ എന്തെങ്കിലും കഠിനമായ നടപടി എന്റെ ഭാഗത്തു നിന്ന് ഉണ്ടാകും എന്നുകൂടി അറിയിക്കുകയാണ്. മന്ത്രിയുടെ ഭാഗത്തു നിന്ന് ഒരു അനുകൂല മറുപടി ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. കൃഷിക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുള്ള കാര്യമാണ്. കേരളത്തിൽ മൊത്തത്തിൽ പ്രത്യേകിച്ച്, ഏറ്റവും കൂടുതൽ വരൾച്ച ബാധിക്കുന്ന ചിറ്റൂർ, പാലക്കാട് മേഖലകളിൽ ഇത് വളരെ ശരിയാണ്. ഇവിടെ 2003-ൽ ഇൻഡ്യൻ പാർലമെന്റ് പാസ്സാക്കിയ ഇലക്ട്രിസിറ്റി ആക്ടാണ് നിലവിലുള്ളത്. ആ ആക്ട് അനുസരിച്ച് ഒരു പൈസയുടെ സൗജന്യംപോലും കൊടുക്കാൻ ബോർഡിന് അധികാരമില്ല. ഇവിടെ നേരത്തെ ചെയ്തുവന്നിരുന്നത് രണ്ട് ഹെക്ടർ വരെയുള്ള കൃഷിക്കാർക്ക് സൗജന്യമാണ്. അത് കൃഷി ഡിപ്പാർട്ടുമെന്റ് ഇലക്ട്രിസിറ്റി ബോർഡിലേക്ക് അടയ്ക്കുകയാണ്. എന്നാൽപ്പോലും ബോർഡിന് നഷ്ടമാണ്. 65 പൈസയാണ് ഈ കൃഷിക്കാരിൽ നിന്ന് ഈടാക്കുന്നത്. 3 രൂപ 85 പൈസയാണ് ഇതിന്റെ കോസ്റ്റ് വരുന്നത്. ഈ സംഖ്യ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റ് അടയ്ക്കുകയാണ്. 52 കോടി രൂപ ഇപ്പോൾ ബാക്കിയുണ്ട്. എന്നാൽ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഒറ്റ കൃഷിക്കാരന്റേയും കണക്ഷൻ ഡിസ്കണക്ട് ചെയ്യില്ല. ഞങ്ങൾ അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെന്റിൽ നിന്ന് വാങ്ങും. അതല്ലാതെ സ്വന്തമായി പണമടയ്ക്കേണ്ട ആളുകളാണെങ്കിൽ അതിന് സർക്കാർ പ്രത്യേക തീരുമാനമെടുക്കാതെ ഇലക്ട്രിസിറ്റി ബോർഡിന് അധികാരമില്ല. ഇപ്പോൾ പുതിയ നിയമം അനുസരിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം റഗുലേറ്ററി കമ്മീഷനാണ്.

(5) ട്രാവൻകൂർ റയോൺസ് തുറന്നു പ്രവർത്തിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സാജുപോൾ: സർ, പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് 1500 തൊഴിലാളികളുള്ള ഒരു കമ്പനിയാണ്. അടച്ചുപൂട്ടിയിട്ട് 44 മാസം പിന്നിട്ടു. കമ്പനി ഏറ്റെടുക്കാൻ വന്ന പ്രൊമോട്ടോർമാരുമായി എം.ഒ.യു. ഒപ്പ് വച്ചിട്ട് ആറു മാസം കഴിഞ്ഞു. 600 കോടി രൂപയുടെ നിക്ഷേപം നടത്തുമെന്നു പറഞ്ഞ് വന്നിട്ടുള്ള പ്രമോട്ടർക്ക് നൽകേണ്ട സഹായങ്ങൾ കൊടുക്കുന്നതിന് ബഹുമാന്യരായ പ്രതിപക്ഷ നേതാവ്, യു.ഡി.എഫ്. കൺവീനർ, പി.കെ.വി. തുടങ്ങി എല്ലാവരും യോജിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പിന്തുണച്ചിരുന്നു. മുൻമുഖ്യമന്ത്രി ശ്രീ. എ. കെ. ആന്റണിക്കും മുൻ വ്യവസായ വകുപ്പുമന്ത്രി ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനും അറിയാവുന്നതാണ്. ഗവൺമെന്റ് ഗ്യാരണ്ടി ഉള്ളതുകൊണ്ട് കമ്പനി പണം കൊടുക്കേണ്ട ധനകാര്യസ്ഥാപനങ്ങൾ കടുത്ത നിലപാടിലാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വ്യവസായ മന്ത്രിയും ഇടപെട്ട് അടിയന്തിരമായി വൺടൈം സെറ്റിൽമെന്റും ലോംഗ് ടേം എഗ്രിമെന്റും ഉണ്ടാക്കുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ഈ ഗവണ്മെന്റിന്റെ കാലത്തുതന്നെ ഇത് നടപ്പാക്കുന്നതിനുള്ള നടപടിയെടുക്കണം. എറണാകുളം ജില്ലക്കാരനായ തൊഴിൽ വ്യവസായ വകുപ്പുമന്ത്രി മുൻകൈയെടുക്കണം. ഇനിയും കാലതാമസം നേരിട്ടാൽ നിക്ഷേപം ലഭിക്കാതെ പോവും. 1500 തൊഴിലാളികൾ ആത്മഹത്യയുടെ വക്കിലാണ്. നാല് വർഷമായി അവർക്ക് തൊഴിൽ ഇല്ലാത്ത സാഹചര്യമാണ്. അതുകൊണ്ട് ഏറ്റവും അടിയന്തിരമായി കമ്പനി തുറക്കാൻ നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, മൂന്ന് വർഷത്തിലേറെയായി പ്രവർത്തനരഹിതമായി കിടക്കുന്ന പെരുമ്പാവൂർ ട്രാവൻകൂർ റയോൺസ് തുറന്നു പ്രവർത്തിപ്പിക്കുക എന്ന ഉദ്ദേശത്തോടുകൂടി കോയമ്പത്തൂർ ആസ്ഥാനമായുള്ള എൻ.ഡി.ഇ.ഇ. ഗ്രൂപ്പുമായി 14-7-2004-ൽ സർക്കാരും റയോൺസ് കമ്പനി മാനേജുമെന്റും ഒരു കരാർ പത്രത്തിൽ ഒപ്പുവച്ചിരുന്നു. അതിനുശേഷം ധനകാര്യ സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവയുമായി ഒരു വൺടൈം സെറ്റിൽമെന്റ് എഗ്രിമെന്റിൽ എത്തിച്ചേരാനായി പ്രൊമോട്ടർ പ്രസ്തുത സ്ഥാപനങ്ങളുമായി ചർച്ചകൾ നടത്തിവരികയാണ്. ഐ.ഡി.ബി.ഐ. തുടങ്ങിയ സ്ഥാപനങ്ങളുമായി ഏകദേശ ധാരണയിൽ എത്തിച്ചേരാനായതായാണ് പ്രൊമോട്ടർ അറിയിച്ചിട്ടുള്ളത്. കഴിഞ്ഞ ആഴ്ചയിലും ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തിയിട്ടുണ്ട്. മാത്രമല്ല, ഇന്ന് രാവിലെ അതിന് ഒരു ഡേറ്റ് തരാം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ധനകാര്യ സ്ഥാപനങ്ങളേയും പ്രൊമോട്ടർമാരേയും അതുപോലെ ഈ ചർച്ചയിൽ പങ്കെടുത്ത പ്രധാനികളേയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഫൈനൽ ഡിസ്ക്കഷൻ നടത്താമെന്ന് മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. ഏതായാലും അസംബ്ലി തീരുന്നതിനു മുമ്പ് ചർച്ച നടത്തി കമ്പനി തുറന്നു പ്രവർത്തിക്കുന്നതിനുള്ള എല്ലാ നടപടികളും ഗവണ്മെന്റ് സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഈ കോൺഫറൻസ് 14-ാം തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഇവിടെ വച്ച് കൂടാം.

(6) മുസ്ലീം പെൺകുട്ടികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് തുടർന്ന് നൽകണമെന്ന ആവശ്യം

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. രാജഭരണ കാലം മുതൽ നടന്നുവന്ന ഒരു സംഭവമാണ് തിരുവിതാംകൂർ മുസ്ലീം വിദ്യാർത്ഥിനികൾക്കുള്ള സ്കോളർഷിപ്പ്. മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് എന്നാണ് അറിയപ്പെടുന്നത്. പിന്നീട് എപ്പോഴാണെന്ന് അറിയില്ല കൊച്ചിയിലേക്കും മലബാറിലേക്കും അത് വ്യാപിപ്പിച്ചു. എട്ടാം ക്ലാസ്സിൽ വന്നു ചേരുന്ന കുട്ടികൾ

LIBRARY ARCHIVES Kerala Legislative Assembly